# അഭിഷിക്തന്റെ ധൈര്യം

ആരാണ് അഭിഷിക്തൻ യഹോവ തിരഞ്ഞെടുത്ത് അഭിഷേകം ചെയ്യിന്നവനാണ് അഭിഷിക്തൻ, രണ്ട് തരത്തിലുള്ള അഭിഷേകമുണ്ട് (1) എല്ലാം കാൺകെ തലയിൽ കൈവച്ചു എണ്ണ ഒഴിച്ചിചും അഭിഷേകം ചെയ്യുക (2) ആരും കാണാതെ പരിശുദ്ധ ത്മാവ് വന്ന് ഒരുവനിൽ വസിച്ച്. എന്തുദ്ദേശത്തോടെ അഭിഷേകം ചെയ്തുവോ ആ ഉദ്ദേശം നിറവേറ്റുവാനുള്ള ശക്തിയും, ബലവും, ജ്ഞാനവും നൽകുക.

പരിശുദ്ധാത്മ അഭിഷേകം എന്ന ദൈവീക പദ്ധതി അവൻ നമുക്ക് ദാനമായിത ന്നതാണ്. അവന്റെ വേല നമ്മിലൂടെ നടത്തുവാൻ അവൻ ആഗ്രഹിക്കുന്നു. പെന്ത ക്കോസ്തു നാളിൽ മാളികമുറിയിൽ ഒരു മിച്ചുകൂടിയിരുന്നവരുടെ മേൽ പരിശുദ്ധാ ത്മാശക്തി വ്യാപരിച്ചു. ഒരു അഭിഷക്തന്റെ ധൈര്യം പത്രോസിന്റെ ആദ്യവചന പ്രഘോ ഷണത്തിൽ നമുക്ക് കാണാം (അപ്ര. 2:14-43) അപ്പോസ്തലന്മാരാൽ അടയാളങ്ങളും അത്ഭുതങ്ങളും നടന്നപ്പോൾ എല്ലാവരും ഭയചകിതരായിത്തീർന്നു.

അപ്പോസ്തോല പ്രവർത്തി മൂന്നും, നാലും അദ്ധ്യായങ്ങൾ ഇതിന് ഉദാഹരണ മാണ്. അമ്മ യുടെ ഗർഭം മുതൽ മുടന്തനായവൻ ഒരു പരാശ്രയജീവിയാണ്. ദിനം പ്രതി ദേവാലയഗോപുരത്തിങ്കൽ ഭിക്ഷ യാചിച്ചിരിക്കുന്ന ഈ മനുഷ്യന് മാന്യന്മാരോ ടൊപ്പം സ്ഥാനം ലഭിച്ചിരുന്നില്ല. ഒരു ഭിക്ഷക്കാരൻ എന്ന നിലയിൽ അവനെ സഹായി പ്പാൻ ആളുകൾ ഉണ്ട്. മറ്റുള്ളവരുടെ മുമ്പാകെ ഇവൻ ദയാലുക്കൾ സഹായികൾ എന്നാൽ സത്യത്തിൽ ഈ മുടന്തനാണ് അവരുടെ ആദായമാർഗ്ഗം

ദിനംപ്രതി ആരാധനയ്ക്കായി ദൈവാലയത്തിലേക്ക് കടന്നുവന്നവർ ഈരും മാന്യത നൽകുന്ന സൗഖ്യം നൽകുന്ന ഒരു യേശുവിനെപ്പറ്റി അവനോട് പറഞ്ഞില്ല. ഇവനെ ചുമക്കുന്നവർക്കും അപ്രകാരമൊരു നന്മയ്ക്കുള്ള താല്പര്യവും ഇല്ലായിരു ന്നു. കർത്താവ് ദിനംപ്രതി രക്ഷിക്കപ്പെടുന്നവരെ സഭയോട് രക്ഷിക്കപ്പെടുന്നവരെ സഭ യോട് ചേർത്തുകൊണ്ടിരുന്നു. (അ.പ്ര. 2.47)

സമൂഹത്തിന്റെ ഈ മനോഭാവത്തോട് ഒരു വെല്ലുവിളിയായിട്ടെത്രെ അപ്പോ സ്തലന്മാർ കടന്നുവന്നവർ ആരും മാന്യത നൽകുന്ന, സൗഖ്യം നൽകുന്ന ഒരു യേശു വിനെപ്പറ്റി അവനോട് പറഞ്ഞില്ല. ഇവനെ ചുമക്കുന്നവർക്കും അപ്രകാരമൊരു നന്മ യ്ക്കുള്ള താല്പര്യവും ഇല്ലായിരുന്നു. കർത്താവ് ദിനംപ്രതി രക്ഷിക്കപ്പെടുന്നവരെ സഭയോട് ചേർത്തുകൊണ്ടിരുന്നു. (അ.പ്ര.2:47)

സമൂഹത്തിന്റെ ഈ മനോഭാവത്തോട് ഒരു വെല്ലുവിളിയായിട്ടത്രെ അപ്പോസ്ത ലന്മാർ കടന്നുവന്നത്. ഈ മാന്യന്മാർ എന്ന് അഭിമാനിക്കുന്നവരുടെ പിച്ചക്കാശല്ല അനാ വശ്യം എന്ന് അവർ മനസ്സിലാക്കി. സ്വന്തം കാലിൽ നില്പാൻ അവൻ പ്രാപ്തനാകണം അതാണ് അവന്റെ ഇപ്പോഴത്തെ ആവശ്യം തങ്ങളോട് ഭിക്ഷചോദിച്ച അവനെ പത്രോസും യോഹന്നാനും ഉറ്റുനോക്കി അപ്പോൾ പത്രോസും. യോഹന്നാനും ഉറ്റു നോക്കി അപ്പോൾ പത്രോസ് വെള്ളിയും പൊന്നും എനിക്കില്ല എനിക്കുള്ളത് നിനക്ക് തരുന്നു നസറായനായ യേശുക്രിസ്തുവിന്റെ നാമത്തിൽ നടക്ക എന്നു പറഞ്ഞു

വിശ്വാസം കൈമുതലായുള്ളവനു മാത്രമേ എനിക്കുള്ളതു തരുന്നു എന്ന് പറവാൻ കഴിയു ഇന്ന് പലരുടെയും കൈവശം ഈ വലിയ സമ്പത്തില്ല ശമര്യാക്കാരന്റെ കൈവശം മുറിവേറഅറവന് വെച്ചുകെട്ടാനാവശ്യമായവ കരുതിയിരുന്നു അപ്രകാരമായിരിക്കണം ദൈവപൈതലും.

ക്ഷണത്തിൽ സൗഖ്യമായവൻ ചാടിത്തുള്ളി ദൈവത്തെ മഹത്വപ്പെടുത്തി കർത്താവിന്റെ നാമത്തിലവൻ എഴുന്നേറ്റപ്പോൾ അവൻ മാന്യനായിത്തീർന്നു. ഇപ്പോൾ അവൻ ദൈവാലയത്തിനകത്ത് മാന്യന്മാരോടൊപ്പമാണ്. ഇനി ഭിക്ഷുവല്ല. ഇത് കണ്ട സഹായികൾ കുപിതനായി പിച്ചക്കാശ് കൊടുത്ത് മാന്യത നേടിയവർക്കും ഈ സംഭവം അനിഷ്ടമായിത്തീർന്നു. ഏത് ശക്തിയാൽ, ഏത് നാമത്താൽ നിങ്ങൾ ഇത് ചെയ്തു? അതാണിപ്പോൾ എല്ലാവർക്കും അറിയേണ്ടത് അവൻ മുടന്തനായി ഇരുന്നപ്പോൾ ഈർക്കും കുഴിപ്പമില്ലായിരുന്നു.

പത്രോസ് ഇതിന് മറുപടി നൽകിയത് പരിശുദ്ധാത്മാവ് നിറഞ്ഞവനായിട്ടത്രെ (അ.പ്ര 4:8 മുതലുള്ള വാക്യങ്ങൾ) അഭിഷിക്തൻ ഭീരുവല്ല, ധീരനാണ്. ചഞ്ചലചിത്തനല്ല, ദൃഢമാനസനത്രെ തങ്ങളുടെ ചുറ്റുപാടും കൂടിയ അധികാരികളോടും, ജനത്തോടും വിളിച്ചുപറഞ്ഞത് അറിഞ്ഞുകൊൾവിൻ മറ്റൊരുത്തനിലും രക്ഷയില്ല നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല (അ.പ്ര 4:12) യേശുവിന്റെ നാമത്തിൽ ഇനി സംസാരിക്കരുത് എന്ന ആജ്ഞയിലും അവർ ഭയപ്പെട്ടില്ല. ദാവത്തെക്കാൾ നിങ്ങളെ അനുസരിക്കുന്നത് എങ്ങനെ ? ഞങ്ങൾ കണ്ടും കേട്ടുമിരിപ്പാൻ കഴിയുകയില്ല എന്ന് ധൈര്യമായി പ്രതിവചിച്ചു.

ഇന്ന് വചനത്തിന്റെ ശക്തി അറിയാതെ അനേകർ കുരുടരായി മുടന്തരായി ദിനംപ്രതി ദേവാലയ വാതിൽക്കലുണ്ട്. ആരെങ്കിലും വചനം അവരുടെ ഉള്ളിൽ നൽകി അവർ ഹല്ലേലിയ്യ സ്തോത്രം എന്ന ധ്വനികൾ മുടക്കി ദൈവത്തെ മഹത്വപ്പെടുത്തിയാൽ ചോദിക്കുവാൻ അനേകരുണ്ട് വചനത്തിന്റെ ശക്തി വെളിപ്പെട്ടാൽ പലരുടെയും ആദായം കുറയും അതാണ് എതിർപ്പിന് കാരണം.

ധൈര്യത്തോടെ പ്രശ്നങ്ങൾ അഭിമുഖീകരിച്ച ശിഷ്യന്മാരെപ്പോലെ അഭിഷേകം പ്രാപിച്ച് ആത്മനിറവോടെ പ്രവർത്തിക്ക യേശുവിന്റെ നാമം വിലയേറിയ നാമം ഒരുവൻ കൊയ്ത്ത് നമുക്കായി ഈ പുതുവർഷം ഒരുക്കിത്തരം അഭിഷിക്തന്റെ ധൈര്യത്തോടെ എഴുന്നേറ്റ് പ്രവർത്തിക്ക.



Sis. Shanthamma Varghese

**ശാന്തമ്മ വർഗീസ്**